പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7926 24.07.2012-ൽ മറുപടിയ്ക്ക്

# കേന്ദ്ര വൈദ്യുത പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക കർമ്മസേന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. കെ. ദാസൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കേന്ദ്ര വൈദ്യുത പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക കർമ്മസേന രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ ; | (എ) സംസ്ഥാനത്തെ കേന്ദ്ര വൈദ്യുത പദ്ധതികളുടെ നിർവ്വഹണത്തിനായി കർമ്മസേനക്ക് രൂപം നൽകുന്ന കാര്യം കെ.എസ്.ഇ.ബിയുടെ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; | (ബി) ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം എല്ലാ ഗ്രാമീണ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ പോസ്റ്റുകളും, ട്രാൻസ്ഫോർമറുകളും സ്ഥാപിച്ച് ലൈൻ നിർമ്മിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്യുന്നു.<br><br>ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഒന്നാം ഭാഗത്തിൽ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ എനർജി അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്, ഉപഭോക്ത സേവന കേന്ദ്രം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി, വിതരണ രംഗത്ത് കാര്യക്ഷമത ഉറപ്പാക്കുക, മെച്ചപ്പെട്ട സേവനം ഉപഭോക്താക്കൾക്ക് നൽകുക, നഗരപ്രദേശത്തെ വൈദ്യുതി വിതരണ ശൃംഖലയുടെ ഓട്ടോമാറ്റിക് കൺട്രോൾ വഴി വിതരണ രംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുക, ഗുണമേന്മയുള്ള വൈദ്യുതി തടസ്സമില്ലാതെ ഉപഭോക്താക്കൾക്ക് നൽകുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>പദ്ധതിയുടെ രണ്ടാം ഭാഗം നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി |

വിതരണശൃംഖല ശക്തിപ്പെടുത്തി, സാങ്കേതിക വാണിജ്യ നഷ്ടം 15% ആയി കുറക്കുക എന്നതാണ് ഉദ്ദേശ ലക്ഷ്യം.

(സി) കേന്ദ്ര പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന നിശ്ചയിച്ച പ്രകാരം എപ്പോഴാണ് പൂർത്തീകരിക്കേണ്ടിയിരുന്നത് ;

(സി) ആർ.ജി.ജി.വി.വൈ പ്രവൃത്തികൾ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

ഓരോ ജില്ലയിലും പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ അനുവദിച്ചിട്ടുള്ള സമയപരിധി ചുവടെ ചേർക്കുന്നു.

| നമ്പർ | ജില്ല | പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി |
|---|---|---|
| 1 | കാസർഗോഡ് | 31.08.2012 |
| 2 | കണ്ണൂർ | 08.09.2012 |
| 3 | കോഴിക്കോട് | 27.11.2012 |
| 4 | വയനാട് | 16.11.2012 |
| 5 | പാലക്കാട് | 29.01.2013 |
| 6 | മലപ്പുറം | 29.03.2013 |

(ഡി) ഇത് നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞിട്ടില്ല.

(ഇ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത് ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(ഇ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ പോസ്റ്റുകളും, ട്രാൻസ്ഫോർമറും സൗജന്യമായി സ്ഥാപിച്ച് ലൈൻ നിർമ്മിക്കുകയും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്യുന്നു.

പ്രസ്തുത പദ്ധതി സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ.